©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വ്യാഴം<br>THIRUVANANTHAPURAM,<br>THURSDAY | 2015 ഏപ്രിൽ 30<br>30th April 2015<br>1190 മേടം 16<br>16th Medam 1190<br>1937 വൈശാഖം 10<br>10th Vaisakha 1937 | നമ്പർ<br>No. 1062 |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 153/2015/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2015 ഏപ്രിൽ 30 / 1190 മേടം 16.*

**എസ്. ആർ. ഒ. നമ്പർ** 271/2015.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ. (എംഎസ്.) 91/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം രൂപീകരിക്കുവാനും അവയ്ക്ക് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം, 2015 ജനുവരി 25-ാം തീയതിയിലെ ഇ.എം. 3/13(3)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനമായി 2015 ജനുവരി 25-ാം തീയതിയിലെ 181-ാം നമ്പർ അസാധാരണ ഗസറ്റിലും 2015 ഫെബ്രുവരി 25-ാം തീയതിയിലെ ഇ.എം. 3/13(10)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനമായി 2015 ഫെബ്രുവരി 25-ാം തീയതിയിലെ 435-ാം നമ്പർ അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും ;

പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുകൊണ്ടും ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തിക്കൊണ്ട് അവയ്ക്ക് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിച്ചുകൊണ്ടും (6)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന അതിർത്തികൾ നിർണ്ണയിച്ചുകൊണ്ടും അതിനനുസൃതമായി (3)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന നിലവിലുള്ള ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനങ്ങളും അതിർത്തികളും (7)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം, 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം, ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു, അതായത്:—

## പട്ടിക

| ക്രമ നമ്പർ | ജില്ല | പരിവർത്തനപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്ത് | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റി | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം | അതിർത്തികൾ | പുതിയ മുനിസിപ്പാലിറ്റി രൂപീകരണത്തിനുശേഷം നിലവിലുള്ള ഗ്രാമപഞ്ചായത്തിന്റെ പേരും ആസ്ഥാനവും അതിർത്തികളും |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | കൊല്ലം | കൊട്ടാരക്കര | കൊട്ടാരക്കര | കൊട്ടാരക്കര | വടക്ക്—മൈലം പഞ്ചായത്ത്<br>കിഴക്ക് —മേലില പഞ്ചായത്ത്<br>തെക്ക് —ഉമ്മന്നൂർ പഞ്ചായത്ത്<br>പടിഞ്ഞാറ് —നെടുവത്തൂർ പഞ്ചായത്ത് | |
| 2 | പത്തനംതിട്ട | പന്തളം | പന്തളം | പന്തളം | വടക്ക്—കുളനട പഞ്ചായത്ത്<br>കിഴക്ക് — തുമ്പമൺ പഞ്ചായത്ത്<br>തെക്ക് —പള്ളിക്കൽ പഞ്ചായത്ത്<br>പടിഞ്ഞാറ് —പാലമേൽ പഞ്ചായത്ത് | |
| 3 | ആലപ്പുഴ | ഹരിപ്പാട്, പള്ളിപ്പാട് ഗ്രാമ പഞ്ചായത്തിലെ 12, 13, 14, 15, 16 എന്നീ വാർഡുകളും 11-ാം വാർഡിലെ കോളച്ചിറയിൽ നിന്നും കോട്ടയിൽ ജംഗ്ഷൻ വരെയുള്ള നരിഞ്ചിൻ റോഡിന് വടക്കുവശത്തുള്ള പ്രദേശവും കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 6, 7, 8, 9 എന്നീ വാർഡുകൾ, ചിങ്ങോലി ഗ്രാമ പഞ്ചായത്തിലെ 3-ാം വാർഡ് | ഹരിപ്പാട് | ഹരിപ്പാട് | വടക്ക് —ചെറുതന-വീയപുരം ഗ്രാമ പഞ്ചായത്തുകൾ<br>കിഴക്ക് —വീയപുരം-പള്ളിപ്പാട് ഗ്രാമ പഞ്ചായത്തുകൾ<br>തെക്ക് —കുരിയ്ക്കാട്ട്-പള്ളിപ്പാട് റോഡിൽ കോളാച്ചിറ ജംഗ്ഷൻ പടിഞ്ഞാറോട്ട്<br>പടിഞ്ഞാറ് —കാർത്തികപ്പള്ളി-ചിങ്ങോലി പഞ്ചായത്തിൽനിന്നും കൂട്ടിച്ചേർക്കുന്ന ഭാഗങ്ങൾ തെക്ക്, ചിങ്ങോലി പഞ്ചായത്തിൽ നിന്നും കൂട്ടിച്ചേർക്കുന്ന ചെറിയ ഭാഗം | പള്ളിപ്പാട്<br>വടക്ക് —കുരിയ്ക്കാട്ട്-പള്ളിപ്പാട് റോഡിൽ കോളാച്ചിറ ജംഗ്ഷൻ പടിഞ്ഞാറോട്ട് കോട്ടയിൽ ജംഗ്ഷൻ<br>തെക്ക് —ചേപ്പാട് ഗ്രാമപഞ്ചായത്ത്<br>പടിഞ്ഞാറ് —മണിമലമുക്ക് കോട്ടയിൽ റോഡ്<br>കിഴക്ക് —ചെന്നിത്തല ഗ്രാമപഞ്ചായത്ത്<br>കാർത്തികപ്പള്ളി<br>വടക്ക് —വാതല്ലൂർ കോയിക്കൽ-റീത്ത് പള്ളി-പുല്ലുവന റോഡ്, കുമാരപുരം ഗ്രാമപഞ്ചായത്ത്<br>കിഴക്ക് —ചെമ്പകശ്ശേരി-പുല്ലുവന-എസ്. സി. ബി. 2301-പാണ്ട്യാലയ്ക്കൽ കിഴക്കേപുറത്ത്-ബനേൽ റോഡ്-കാർത്തികപ്പള്ളി പുത്തോട്<br>തെക്ക് —ചിങ്ങോലി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്തുകൾ<br>പടിഞ്ഞാറ് —തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് |

| | | | | | | |
|---|---|---|---|---|---|---|
| 4 | കോട്ടയം | ഏറ്റുമാനൂർ | ഏറ്റുമാനൂർ | ഏറ്റുമാനൂർ | **വടക്ക്**– കാണക്കാരി പഞ്ചായത്ത്<br>**കിഴക്ക്**– കിടങ്ങൂർ, അയർക്കുന്നം പഞ്ചായത്തുകൾ<br>**തെക്ക്**– കോട്ടയം മുനിസിപ്പാലിറ്റി<br>**പടിഞ്ഞാറ്**– അതിരമ്പുഴ പഞ്ചായത്ത് | **ചിങ്ങോലി**<br>**വടക്ക്**– നങ്ങ്യാർകുളങ്ങര-കാർത്തികപ്പള്ളി പാലത്തിന് പടിഞ്ഞാറുവശം റോഡ്<br>**കിഴക്ക്**– നങ്ങ്യാർകുളങ്ങര-പട്ടംമുക്ക് വരെ ദേശീയപാതയ്ക്ക് (47) പടിഞ്ഞാറുവശം<br>**തെക്ക്**– വെട്ടിക്കുളങ്ങര ക്ഷേത്രം-പുത്തൻപറമ്പ് കടവ് റോഡ്<br>**പടിഞ്ഞാറ്**– പുത്തൻപറമ്പ് കടവ്-കാർത്തികപ്പള്ളി പാലത്തിന് പടിഞ്ഞാറുവശം റോഡ് |
| 5 | കോട്ടയം | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട | ഈരാറ്റുപേട്ട | **വടക്ക്**– തലപ്പലം, തീക്കോയി പഞ്ചായത്തുകൾ<br>**കിഴക്ക്**– തീക്കോയി, പൂഞ്ഞാർ പഞ്ചായത്തുകൾ<br>**തെക്ക്**– തിടനാട്, പൂഞ്ഞാർ പഞ്ചായത്തുകൾ<br>**പടിഞ്ഞാറ്**– തിടനാട്, തലപ്പലം പഞ്ചായത്തുകൾ | |
| 6 | ഇടുക്കി | കട്ടപ്പന | കട്ടപ്പന | കട്ടപ്പന | **വടക്ക്**– കാമാക്ഷി, ഇരട്ടയാർ, പാമ്പാടുംപാറ പഞ്ചായത്തുകൾ<br>**കിഴക്ക്**– വണ്ടൻമേട് പഞ്ചായത്ത്<br>**തെക്ക്**– വണ്ടൻമേട് പഞ്ചായത്ത്<br>**പടിഞ്ഞാറ്**– കാഞ്ചിയാർ പഞ്ചായത്ത് | |
| 7 | എറണാകുളം | പിറവം | പിറവം | പിറവം | **വടക്ക്**– മണീട്, രാമമംഗലം പഞ്ചായത്തുകൾ<br>**കിഴക്ക്**– പാമ്പാക്കുട, ഇലഞ്ഞി പഞ്ചായത്തുകൾ<br>**തെക്ക്**– മുളക്കുളം, വെള്ളൂർ പഞ്ചായത്തുകൾ<br>**പടിഞ്ഞാറ്**– എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി പഞ്ചായത്തുകൾ | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 8 | എറണാകുളം | കൂത്താട്ടുകുളം | കൂത്താട്ടുകുളം | കൂത്താട്ടുകുളം | **വടക്ക്**—പാലക്കുഴ, തിരുമാറാടി പഞ്ചായത്തുകൾ<br>**കിഴക്ക്**—പാലക്കുഴ, വെളിയന്നൂർ പഞ്ചായത്തുകൾ<br>**തെക്ക്**—ഇലഞ്ഞി, വെളിയന്നൂർ പഞ്ചായത്തുകൾ<br>**പടിഞ്ഞാറ്**—ഇലഞ്ഞി, തിരുമാറാടി പഞ്ചായത്തുകൾ | |
| 9 | തൃശ്ശൂർ | വടക്കാഞ്ചേരി, മുണ്ടത്തിക്കോട് | വടക്കാഞ്ചേരി | വടക്കാഞ്ചേരി | **വടക്ക്**—എരുമപ്പെട്ടി, മുള്ളൂർക്കര ഗ്രാമപഞ്ചായത്തുകൾ<br>**കിഴക്ക്**—തെക്കുംകര ഗ്രാമപഞ്ചായത്ത്<br>**തെക്ക്**—അവണൂർ, മുളംകുന്നത്തുകാവ്, തെക്കുംകര പഞ്ചായത്തുകൾ<br>**പടിഞ്ഞാറ്**—വേലൂർ, അവണൂർ, എരുമപ്പെട്ടി പഞ്ചായത്തുകൾ | |
| 10 | പാലക്കാട് | പട്ടാമ്പി | പട്ടാമ്പി | പട്ടാമ്പി | **വടക്ക്**—കൊപ്പം, മുതുതല പഞ്ചായത്തുകൾ<br>**കിഴക്ക്**—ഓങ്ങല്ലൂർ പഞ്ചായത്ത്<br>**തെക്ക്**—ഭാരതപ്പുഴ, ഓങ്ങല്ലൂർ പഞ്ചായത്ത്<br>**പടിഞ്ഞാറ്**—മുതുതല പഞ്ചായത്ത് | |
| 11 | പാലക്കാട് | ചെർപ്പുളശ്ശേരി, തൃക്കടീരി ഗ്രാമപഞ്ചായത്തിലെ 14, 15, 16 എന്നീ വാർഡുകൾ | ചെർപ്പുളശ്ശേരി | ചെർപ്പുളശ്ശേരി | **വടക്ക്**—തൂതപ്പുഴ, ആലിപ്പറമ്പ് പഞ്ചായത്തുകൾ<br>**കിഴക്ക്**—വെള്ളിനേഴി, തൃക്കടീരി പഞ്ചായത്തുകൾ<br>**തെക്ക്**—തൃക്കടീരി, ചളവറ (തൃക്കടീരി പഞ്ചായത്തിൽ നിന്നും 14, 15, 16 വാർഡുകൾ-കുറ്റിക്കോട് നോർത്ത്, കുറ്റിക്കോട് സൗത്ത്, ഉങ്ങിൻതറ) കൂട്ടിച്ചേർക്കുന്നു. വെട്ടിയാറ-വിളയങ്ങാട് റോഡ്, കുണ്ടുപറമ്പിൽ-ആന്തൂർതൊടി റോഡ്, ഉങ്ങിൻതറ-വക്ഷം വീട് റോഡ്, പാലപ്പറ്റ റോഡ്, പൂശാരികോവിൽ റോഡ് എന്നിവ തൃക്കടീരി പഞ്ചായത്തുമായി അതിർത്തി തിരിക്കുന്നു. | തൃക്കടീരി<br>**കിഴക്ക്**—പൂക്കോട്ട് കാവ് ഗ്രാമപഞ്ചായത്ത്<br>**തെക്ക്**—അനങ്ങനടി ഗ്രാമപഞ്ചായത്ത്<br>**പടിഞ്ഞാറ്**—ചളവറ ഗ്രാമപഞ്ചായത്ത്, ചുനക്കൽ അമ്പലം റോഡ് കുറ്റിക്കോട് ചോഴിപ്പടി മുതൽ ആറാച്ചിയിൽ റോഡ് ഇടവഴി, ചെമ്പൻമലയിൽ നിന്നുള്ള വെള്ളച്ചാൽ റോഡ്, പാലാട്ടുപറമ്പ് ഇടവഴി, കുണ്ടുകത്തിൽ ഇടവഴി, വെട്ടിയാറ വിളയങ്ങാട് റോഡ്, കാക്കാത്തോട്<br>**വടക്ക്**—വെള്ളിനേഴി ഗ്രാമപഞ്ചായത്ത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പടിഞ്ഞാറ്—നെല്ലായ, ചളവറ പഞ്ചായത്തുകൾ | |
| 12 | പാലക്കാട് | മണ്ണാർക്കാട്, തെങ്കര ഗ്രാമപഞ്ചായത്തിലെ 15, 16 എന്നീ വാർഡുകൾ | മണ്ണാർക്കാട് | മണ്ണാർക്കാട് | വടക്ക്—തെങ്കര, കുമരംപുത്തൂർ പഞ്ചായത്തുകൾ<br>കിഴക്ക്—കാഞ്ഞിരപ്പുഴ പഞ്ചായത്ത്<br>തെക്ക്—കാരാകുറിശ്ശി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്<br>പടിഞ്ഞാറ്—കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | തെങ്കര<br>വടക്ക്—വടക്കൻമലയും പരുത്തിമലയും<br>കിഴക്ക്—പൊട്ടിത്തോട്, ഉററിൽ റോഡ്, അഗളി-കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്<br>തെക്ക്—പൊട്ടിത്തോട്, നെല്ലിപ്പുഴ<br>പടിഞ്ഞാറ്—മണ്ണാർക്കാട് ആനക്കട്ടി റോഡ്, ചേറുംകുളം തത്തേങ്ങലം റോഡ്, കുന്തിപ്പുഴ |
| 13 | മലപ്പുറം | താനൂർ | താനൂർ | താനൂർ | വടക്ക്—പരപ്പനങ്ങാടി പഞ്ചായത്ത്<br>കിഴക്ക്—നന്നമ്പ്ര, ഒഴൂർ പഞ്ചായത്ത്<br>തെക്ക്—താനാളൂർ, നിറമരുതൂർ പഞ്ചായത്തുകൾ<br>പടിഞ്ഞാറ്—അറബിക്കടൽ | |
| 14 | മലപ്പുറം | പരപ്പനങ്ങാടി | പരപ്പനങ്ങാടി | പരപ്പനങ്ങാടി | വടക്ക്—വള്ളിക്കുന്ന് പഞ്ചായത്ത്<br>കിഴക്ക്—തിരൂരങ്ങാടി, മൂന്നിയൂർ പഞ്ചായത്തുകൾ<br>തെക്ക്—താനൂർ, നന്നമ്പ്ര പഞ്ചായത്തുകൾ<br>പടിഞ്ഞാറ്—അറബിക്കടൽ | |
| 15 | മലപ്പുറം | വളാഞ്ചേരി | വളാഞ്ചേരി | വളാഞ്ചേരി | വടക്ക്—മാറാക്കര ഗ്രാമപഞ്ചായത്ത്-എടയൂർ ഗ്രാമപഞ്ചായത്ത്<br>കിഴക്ക്—ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്-എടയൂർ ഗ്രാമപഞ്ചായത്ത്<br>തെക്ക്—കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്-ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്<br>പടിഞ്ഞാറ്—ആതവനാട് ഗ്രാമപഞ്ചായത്ത്-കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് | |
| 16 | മലപ്പുറം | തിരൂരങ്ങാടി | തിരൂരങ്ങാടി | തിരൂരങ്ങാടി | വടക്ക്—മൂന്നിയൂർ അബ്ദുൾ റഹിമാൻ നഗർ<br>കിഴക്ക്—വേങ്ങര<br>തെക്ക്—നന്നമ്പ്ര, തെന്നല<br>പടിഞ്ഞാറ്—പരപ്പനങ്ങാടി | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 17 | കോഴിക്കോട് | പയ്യോളി | പയ്യോളി | പയ്യോളി | **വടക്ക്** —കോട്ടപ്പുഴ പഞ്ചായത്ത്<br>**കിഴക്ക്** —കുറ്റ്യാടിപ്പുഴ, തുറയൂർ പഞ്ചായത്ത്<br>**തെക്ക്** —തിക്കോടി പഞ്ചായത്ത്<br>**പടിഞ്ഞാറ്** —അറബിക്കടൽ | |
| 18 | കോഴിക്കോട് | രാമനാട്ടുകര | രാമനാട്ടുകര | രാമനാട്ടുകര | **വടക്ക്** —വാഴയൂർ പഞ്ചായത്ത്<br>**കിഴക്ക്** —ചെറുകാവ് പഞ്ചായത്ത്<br>**തെക്ക്** —ചേലമ്പ്ര പഞ്ചായത്ത്<br>**പടിഞ്ഞാറ്** —ഫറോക്ക് പഞ്ചായത്ത് | |
| 19 | കോഴിക്കോട് | കൊടുവള്ളി | കൊടുവള്ളി | കൊടുവള്ളി | **വടക്ക്** —താമരശ്ശേരി പഞ്ചായത്ത്<br>**കിഴക്ക്** —ഓമശ്ശേരി പഞ്ചായത്ത്<br>**തെക്ക്** —കുന്നമംഗലം, ചാത്തമംഗലം പഞ്ചായത്തുകൾ<br>**പടിഞ്ഞാറ്** —കിഴക്കോത്ത്, മടവൂർ പഞ്ചായത്തുകൾ | |
| 20 | കോഴിക്കോട് | മുക്കം | മുക്കം | മുക്കം | **വടക്ക്** —കോടഞ്ചേരി, ഓമശ്ശേരി പഞ്ചായത്ത്<br>**കിഴക്ക്** —ഇരുവഞ്ഞിപ്പുഴ<br>**തെക്ക്** —ഇരുവഞ്ഞിപ്പുഴ<br>**പടിഞ്ഞാറ്** —ചാത്തമംഗലം പഞ്ചായത്ത് | |
| 21 | വയനാട് | മാനന്തവാടി | മാനന്തവാടി | മാനന്തവാടി | **വടക്ക്** —തിരുനെല്ലി പഞ്ചായത്ത്<br>**കിഴക്ക്** —പുൽപ്പള്ളി, പനമരം പഞ്ചായത്തുകൾ<br>**തെക്ക്** —എടവക പഞ്ചായത്ത്<br>**പടിഞ്ഞാറ്** —തവിഞ്ഞാൽ പഞ്ചായത്ത് | |
| 22 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി | **വടക്ക്** —പൂതാടി പഞ്ചായത്ത്<br>**കിഴക്ക്** —നൂൽപ്പുഴ, നെന്മേനി പഞ്ചായത്തുകൾ<br>**തെക്ക്** —അമ്പലവയൽ, നെന്മേനി പഞ്ചായത്തുകൾ<br>**പടിഞ്ഞാറ്** —മീനങ്ങാടി, പൂതാടി, അമ്പലവയൽ പഞ്ചായത്തുകൾ | |

| | | | | | |
|---|---|---|---|---|---|
| 23 | കണ്ണൂർ | കീഴൂർ-ചാവശ്ശേരി | ഇരിട്ടി | പുന്നാട് | വടക്ക് — പടിയൂർ ഗ്രാമപഞ്ചായത്ത്<br>കിഴക്ക് — മുഴക്കുന്ന്-പായം ഗ്രാമപഞ്ചായത്തുകൾ<br>തെക്ക് — മട്ടന്നൂർ മുനിസിപ്പാലിറ്റി<br>പടിഞ്ഞാറ് — മട്ടന്നൂർ മുനിസിപ്പാലിറ്റി |
| 24 | കണ്ണൂർ | പാനൂർ, പെരിങ്ങളം, കരിയാട് | പാനൂർ | പാനൂർ | വടക്ക് — മൊകേരി പഞ്ചായത്ത്<br>കിഴക്ക് — കുന്നോത്ത് പറമ്പ് പഞ്ചായത്ത്<br>തെക്ക് — പെരിങ്ങളം പഞ്ചായത്ത്<br>പടിഞ്ഞാറ് — പന്ന്യന്നൂർ പഞ്ചായത്ത് |
| 25 | കണ്ണൂർ | ശ്രീകണ്ഠപുരം | ശ്രീകണ്ഠപുരം | ശ്രീകണ്ഠപുരം | വടക്ക് — നടുവിൽ, എരുവേശ്ശി പഞ്ചായത്തുകൾ<br>കിഴക്ക് — എരുവേശ്ശി, പയ്യാവൂർ, പടിയൂർ പഞ്ചായത്തുകൾ<br>തെക്ക് — മലപ്പട്ടം, ഇരിക്കൂർ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് — ചെങ്ങളായി. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

### വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്).

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് നഗരസ്വഭാവമാർജ്ജിച്ച ചില ഗ്രാമപഞ്ചായത്തുകളെ പരിവർത്തനപ്പെടുത്തി മുനിസിപ്പൽ കൗൺസിലുകളായി രൂപീകരിക്കുവാനുള്ള ഉദ്ദേശ്യം 2015 ജനുവരി 25-ാം തീയതി ഇ.എം3/13(3)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം 2015 ജനുവരി മാസം 25-ാം തീയതിയിലെ 181-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 2015 ഫെബ്രുവരി മാസം 25-ാം തീയതി ഇ.എം3/13(10)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം 2015 ഫെബ്രുവരി മാസം 25-ാം തീയതി 435-ാം നമ്പർ അസാധാരണ ഗസറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഗ്രാമപഞ്ചായത്തുകളെയും പഞ്ചായത്ത് പ്രദേശങ്ങളെയും മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുവാൻ കേരള സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.